# ശ്രീ തോമസ് മോഴച്ചേരിൽ

( B. M. )

സാധാരണ മനുഷ്യർ അവനവൻ ജനിച്ച മതത്തിൽ തന്നെ അടിയുറച്ച ജീവിക്കുകയാണ്, നല്ലതാണെങ്കിലും. അല്ലെങ്കിലും. എന്നാൽ ചിലർ തങ്ങളുടെ മതത്തെപ്പററി കൂടുതൽ പഠിക്കുകയും ചിന്തിക്കുകയും അന്യമതങ്ങളെപ്പററി കൂടുതൽ അറിയുവാൻ ശ്രമിക്കുകയും ചെയ്യുന്നു. ചിലർ രണ്ടുമതങ്ങളെപ്പററി താരതമ്യ പഠനം നടത്തിയശേഷം സത്യമതത്തിലേക്കു പരിവർത്തനം ചെയ്യുകയും ചെയ്യുന്നു. അങ്ങനെ യാക്കോബായ വിശ്വാസത്തിൽനിന്നു കത്തോലിക്കാ സഭയിലേക്കു പരിവത്തനം ചെയ്ത ഒരു വ്യക്തിയാണു ശ്രീ തോമസ്സ് മോഴച്ചേരിൽ.

യാക്കോബായ സഭയിൽ ആയിരുന്നപ്പോൾ അദ്ദേഹം ആ വിശ്വാസത്തിൽ അടിയുറച്ച വിശ്വസിക്കുകയും അതിന്റെ അഭിവൃദ്ധിക്കായി പലതും ചെയ്യുകയും ചെയ്തു. യാക്കോബായ സഭയിൽ ആയിരുന്നപ്പോൾ അദ്ദേഹത്തിന്റെ കുടുംബം പണിയിച്ച ദേവാലയമാണ് വെളിയനാട്ടു കവർച്ചപാടം പള്ളി.

യാക്കോബായ സഭയിൽ ആയിരിക്കുമ്പോൾതന്നെ അദ്ദേഹം കത്തോലിക്കാ സഭയെപ്പററി കൂടുതൽ പഠിക്കുകയും അറിയുകയും ചെയ്യുവാൻ വളരെ പരിശ്രമിച്ചിരുന്നു. അക്കാലത്തെ പ്രധാനപ്പെട്ട എല്ലാ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും വരുത്തുകയും വായിക്കുകയും പഠിക്കയും ചെയ്തിരുന്നു. സംശയം ഉള്ള കാര്യങ്ങളിൽ കത്തോലിക്കാ പണ്ഡിതന്മാരുമായി സംസാരിച്ചു സംശയനിവാരണം ചെയ്യുകയും ചെയ്തിരുന്നു. അങ്ങനെ വായനയുടെയും പഠനത്തിന്റെയും പ്രാത്ഥനയുടെയും ഫലമായി കത്തോലിക്കാസഭ സത്യമായ സഭയാണെന്നു ബോദ്ധ്യം വരികയും അങ്ങനെ കത്തോലിക്കാസഭയിൽ ചേരുകയും ചെയ്തു. തനിക്ക് ഒരു സംഗതി ശരിയാണെന്ന് ബോദ്ധ്യം വന്നാൽ അത് അദ്ദേഹം ചെയ്തിരുന്നു. അദ്ദേഹത്തിന്റെ പിതാവും കത്തോലിക്കാസഭയിൽ ചേരുന്നതിനു പ്രോത്സാഹിപ്പിച്ചിരുന്നു.

കത്തോലിക്കാ സഭയിൽ ചേർന്നതിനു ശേഷം അദ്ദേഹം കത്തോലിക്കാ സഭയ്ക്കു പല സംഭാവനകളും ചെയ്തിട്ടുണ്ട്. തന്റെ ഇടവകയായ വെളിയനാട്ടു സെന്റു മിഖായേൽ പള്ളി ഇന്നത്തെ നിലയിൽ അഭിവൃദ്ധിയിലേക്കുയർത്തുന്നതിനു അദ്ദേഹം വളരെ അധികം സംഭാവന ചെയ്തിട്ടുണ്ട്. സാമ്പത്തികമായി അക്കാലത്തു വളരെ അധികം വിഷമിച്ചിരുന്ന പള്ളിക്ക് അദ്ദേഹത്തിന്റെ സാമ്പത്തിക സഹായം വളരെ പ്രയോജനപ്പെട്ടു. അക്കാലത്തു വൈദികരുടെ പഠനത്തിനായി അദ്ദേഹം ഗണ്യമായ സാമ്പത്തിക സഹായം ചെയ്തിട്ടുണ്ട്.

തന്റെ മക്കളെ കത്തോലിക്കാ വിശ്വാസത്തിൽ വളർത്തുന്നതിന് അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കത്തോലിക്കാ സഭയുടെ വിശ്വാസങ്ങളും അടിസ്ഥാനതത്വങ്ങളും അദ്ദേഹം ശരിക്കും പഠിപ്പിച്ചിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ മക്കളും ശരിയായി കത്തോലിക്കാ സഭയിൽ വിശ്വസിക്കുകയും മാതൃകാപരമായി ജീവിക്കയും ചെയ്യുന്നു. അദ്ദേഹത്തിന്റെ സീമന്തപുത്രിക്കു മാർപ്പാപ്പായിൽ നിന്നു പ്രോ എക്ലീസിയാ എററ് പോന്തിപ്പിച്ചേ'' എന്ന ബഹുമതി ലഭിച്ചിട്ടുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണ്.

ഇങ്ങനെ ശ്രീ തോമസ് മോഴച്ചേരിയുടെ ബഹുമുഖമായ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ടു പരിശുദ്ധ സിംഹാസനം അദ്ദേഹത്തിനു ''പ്രോ എക്ലീസിയാ എററ് പൊന്തിപ്പിച്ചേ'' എന്ന ബഹുമതി നൽകിയിട്ടുണ്ട്.


Telegram ' VALAVI " Kottayam. Post Box No. 13,
Telephone Offic 3467. Res. 3861. Ernakulam: 32588. Cigaretts 2342

VALAVI & CO., KOTTAYAM

Manufacturers' Representatives
SINCE 1899.
Distributors or Stockists for:-
INDIA TOBACCO CO LTD
Paper, Printing Inks, Machines and Accessories
Everything for Soda Factory,
Bakers' and Confectioners' Requisites
Soaps and Toilets - Tin Provisions Cattle and Poultry Feeds.